Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
Ref: 803/KCBC/K-6/KPR/DS 7.6.2021

# സമുദ്ര ദിനാചരണം 2021

1992-ലെ റിയോ ഭൗമഉച്ചകോടിക്കു ശേഷം ഐക്യരാഷ്ട്ര സംഘടനയെടുത്ത തീരുമാനപ്രകാരം, എല്ലാ വർഷവും ജൂൺ എട്ടാം തീയതി ആഗോള സമുദ്ര ദിനമാണ്. ഈ വർഷത്തെ സമുദ്ര ദിനത്തിന്റെ മുദ്രാവാക്യം The Ocean: Life and Livelihoods എന്നതാണ്. ഭൂഗോളത്തിന്റെ 70 ശതമാനവും കടലാണ്. 50 മുതൽ 80 ശതമാനം വരെ ഓക്സിജനും ഉല്പാദിപ്പിക്കപ്പെടുന്നത് കടലിലാണത്രേ. ഇക്കാര്യത്തിൽ പ്ലാങ്റ്റണുകൾ എന്നു വിളിക്കപ്പെടുന്ന സൂക്ഷ്മജീവികളുടെ പങ്ക് വിലമതിക്കാനാവാത്തത്ര ബൃഹത്താണ്. ലോകത്തിൽ 40 ദശലക്ഷം ആളുകൾ സമുദ്രത്തോട് അനുബന്ധമായ തൊഴിലുകളിൽ ആണ് ഏർപ്പെട്ടിരിക്കുന്നത്. മത്സ്യബന്ധനം കൂടാതെ, ടൂറിസം, സമുദ്രാന്തർഭാഗ പര്യവേക്ഷണങ്ങൾ, ഊർജ്ജ സ്രോതസ്സുകളുമായി ബന്ധപ്പെട്ട തൊഴിലുകൾ, കപ്പലോട്ടങ്ങൾ തുടങ്ങി പലവിധ ജീവസന്ധാരണ മാർഗങ്ങളും സമുദ്രത്തെ ചുറ്റിപ്പറ്റിയാണുള്ളത്. ഇങ്ങനെ നോക്കിയാൽ ജീവൻ പരിപോഷിപ്പിക്കുന്നതിലും ജീവസന്ധാരണ മാർഗമൊരുക്കുന്നതിലും കരയോളം തന്നെയോ, അതിനെക്കാളധികമോ പ്രാധാന്യം കടലിനുമുണ്ടെന്നു വ്യക്തമാണ്.

മാലിന്യം തള്ളാനും ആർത്തിക്കൊത്തു ചൂഷണം ചെയ്യാനുമുള്ള വെറും ജലസഞ്ചയമായി കടലിനെ കരുതുന്നത് ആത്മഹത്യാപരമാണ്. സമുദ്രത്തെ നിന്ദിക്കുന്നവർക്ക് ആയുസ്സില്ല. കാരണം, ആയുർദൈർഘ്യത്തിനുവേണ്ടി കടൽ ഒരുക്കിവച്ചിരിക്കുന്നതെല്ലാം നാം തന്നെ നശിപ്പിക്കുന്നു. 'കടലമ്മ' എന്ന് തീരവാസികൾ സമുദ്രത്തിനു പേരിട്ടിരിക്കുന്നതിൽ വലിയ ജ്ഞാനം അടങ്ങിയിട്ടുണ്ടെന്നതാണ് സത്യം.

ഇത് ഒരു 'സങ്കടൽ' ദിനാചരണം കൂടിയാണ്. ചെല്ലാനംപോലുള്ള മേഖലകളിൽ മനുഷ്യർ ഒരായുസ്സുകൊണ്ടു കെട്ടിപ്പടുത്തതെല്ലാം തിരമാലകൾ തല്ലിത്തകർക്കുമ്പോഴും ജീവോന്മുഖമാണ് കടൽ എന്ന ചിന്തയ്ക്കുതന്നെ എന്തൊരു തങ്കത്തിളക്കമാണ്! കേരളത്തിന്റെ 590 കിലോമീറ്ററുകൾ ദൈർഘ്യമുള്ള കടൽക്കരയിൽ കരഞ്ഞു തളർന്നിരിക്കുന്നവർക്കും വലിയ പ്രത്യാശയായി മാറണം സമുദ്രദിനം.

ജൂൺ എട്ടാം തീയതി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 5 മണി വരെ കടൽദിനാചരണത്തിന്റെ ഭാഗമായി പിഒസി പാലാരിവട്ടം സംഘടിപ്പിക്കുന്ന വെബിനാർ കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. സീറോ മലങ്കരസഭയുടെ പരമാധ്യക്ഷനായ കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ്, ലത്തീൻ സഭാധ്യക്ഷൻ ബിഷപ്പ് ജോസഫ് കരിയിൽ, ആലപ്പുഴ രൂപതാധ്യക്ഷൻ ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ, ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ സജി ചെറിയാൻ, ജലസേചന വകുപ്പു മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് ശ്രീ വി.ഡി. സതീശൻ എന്നിവർ സംസാരിക്കും. വിഷയാവതരണം നടത്തുന്നത് ശ്രീ. P.R. കുഞ്ഞച്ചൻ (സെക്രട്ടറി, CADAL) ആയിരിക്കും.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P.B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

കെആർഎൽസിസി വൈസ് ചെയർമാൻ ശ്രീ. ജോസഫ് ജൂഡ് മോഡറേറ്റ് ചെയ്യുന്ന ചർച്ചയിൽ ശ്രീ. ഹൈ ബി ഈഡൻ എം.പി, എംഎൽഎമാരായ T.J. വിനോദ്, K.J. മാക്സി, കേരള ജലവിഭവ വകുപ്പ് അഡിഷണൽ സെക്രട്ടറി ശ്രീ. T.K. ജോസ് ഐഎഎസ് എന്നിവർ പങ്കെടുക്കും. പശ്ചിമകൊച്ചി തീര സംരക്ഷണ സമിതി കൺവീനർ ടി.എ. ഡാൽഫിൻ നേതൃത്വം നൽകുന്ന പൊതുചർച്ചയിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ട് അഡ്വ. ബിജു പറനിലം, കെഎൽസിഎ സെക്രട്ടറി അഡ്വ. ഷെറി തോമസ്, എംസിഎ സെക്രട്ടറി V.C. ജോർജുകുട്ടി, സിഎസ്എസ്എസ് ഡയറക്ടർ ഫാ. അഗസ്റ്റിൻ കടേപ്പറമ്പിൽ, എഡിഎസ് ഡയറക്ടർ ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ, ഫാ. P.T. മാത്യു എസ്ജെ, 20/20 വക്താവ് ശ്രീ. ജോസഫ് ദിലീപ്, ജനകീയവേദി വക്താവ് ശ്രീ. V.T. സെബാസ്റ്റ്യൻ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

കേരളതീരത്തിന്റെ എല്ലാ അഭ്യുദയകാംക്ഷികൾക്കും വിവിധ സംഘടനകൾക്കും ആത്മീയ-സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയനേതാക്കൾക്കും ഈ യോഗത്തിലേക്ക് പ്രവേശനമുണ്ടെന്ന് പിഒസി ഡയറക്ടർ ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളിയും പ്രോഗ്രാം കൺവീനർ ശ്രീ. T.A. ഡാൽഫിനും വ്യക്തമാക്കി.

**ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.